റബ്കോ പരസ്യയിനത്തിൽ ചെലവഴിച്ച തുക

99 [2751] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-2003 സാമ്പത്തികവർഷവും, 2003 ഏപ്രിൽ ഒന്ന് മുതൽ മേയ് 31 വരെയുള്ള രണ്ട് മാസവും റബ്കോ പരസ്യയിനത്തിൽ എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ ഓരോ ദിനപ്പത്രങ്ങൾക്കും ദൃശ്യമാധ്യമങ്ങൾ ഓരോന്നിനും എത്ര രൂപയുടെ വീതം പരസ്യം നൽകിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2002-2003 സാമ്പത്തിക വർഷത്തിൽ റബ്കോ പരസ്യയിനത്തിൽ ചെലവാക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

1.	ദിനപ്പത്രങ്ങൾ	..	115 ലക്ഷം രൂപ
2.	ദൃശ്യമാധ്യമങ്ങൾ	..	152.10 ലക്ഷം രൂപ

ഏപ്രിൽ ഒന്നു മുതൽ മേയ് 31 വരെ ദിനപ്പത്രങ്ങളിൽ പരസ്യം ചെയ്ത ഇനത്തിൽ18.404 ലക്ഷം രൂപയും ദൃശ്യമാധ്യമങ്ങൾക്ക് 7.96 ലക്ഷം രൂപയും ചെലവാക്കിയിട്ടുണ്ട്.

(ബി) ടി കാലയളവിൽ പരസ്യയിനത്തിൽ ചെലവായ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു;

1.	മലയാള മനോരമ	..	46.21	ലക്ഷം രൂപ
2.	മാതൃഭൂമി	..	26.39	,,
3.	ദേശാഭിമാനി	..	18.05	,,
4.	മാധ്യമം	..	3.06	,,
5.	ദീപിക	..	5.88	,,
6.	കേരള കൗമുദി	..	2.09	,,
7.	ചന്ദ്രിക	..	0.86	,,
8.	മംഗളം	..	1.26	,,
9.	ജന്മഭൂമി	..	2.58	,,
10.	ഇൻഡ്യൻ എക്സ്പ്രസ്	..	1.71	,,
11.	ഹിന്ദു	..	1.39	,,
12.	പ്രദീപം	..	0.35	,,
13.	വനിത	..	8.10	,,
14.	പുണ്യഭൂമി	..	0.03	,,
	ആകെ	..	117.96	,,

LIBRARY ARCHIVES Kerala Legislative Assembly

2002-2003-ൽ ദൃശ്യമാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ ചെലവായ തുക.

1.	കൈരളി	..	80.20	ലക്ഷം രൂപ
2.	സൂര്യ	..	35.60	,,
3.	ഏഷ്യാനെറ്റ്	..	13.50	,,
4.	ദൂരദർശൻ	..	22.80	,,
	ആകെ	..	152.10	,,

2003 ഏപ്രിൽ 1 മുതൽ മേയ് 31 വരെ ഓരോ ദിനപ്പത്രങ്ങൾക്കും പരസ്യയിനത്തിൽ ചെലവായ തുകയുടെ വിവരം ചുവടെ:

1.	മലയാള മനോരമ	..	1.62	ലക്ഷം രൂപ
2.	ഡെയിലി ബന്തി	..	4.13	,,
3.	ദിനമലർ	..	3.74	,,
4.	മാതൃഭൂമി	..	1.14	,,
5.	ദേശാഭിമാനി	..	2.59	,,
6.	ദി ഹിന്ദു കേരള തമിഴ്നാട്	..	4.81	,,
7.	ഇൻഡ്യൻ എക്സ്പ്രസ്സ്	..	0.02	,,
8.	മംഗളം	..	0.29	,,
9.	പുരമായിനസ്, ചെന്നൈ	..	0.04	,,
10.	ഇൻഡ്യൻ ടൈംസ്	..	0.024	,,
	ആകെ	..	18.4040	,,

2003 ഏപ്രിൽ 1 മുതൽ മേയ് 31 വരെ ഓരോ ദൃശ്യമാധ്യമങ്ങൾക്കും പരസ്യയിനത്തിൽ ചെലവായ തുക ചുവടെ:

1.	സൂര്യ ടി. വി.	..	2.00	ലക്ഷം രൂപ
2.	കൈരളി	..	5.96	,,
	ആകെ	..	7.96	,,

പാലക്കാട് ജില്ലാ സഹകരണ ബാങ്ക് തെരഞ്ഞെടുപ്പ്

100 [2752] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലാ സഹകരണ ബാങ്ക് തെരഞ്ഞെടുപ്പിനുവേണ്ടി തെരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചത് എന്നാണ്;

(ബി) തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം സഹകരണ ചട്ടം ഭേദഗതി ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly